www.karmasakthi.com

# കർമ്മശക്തി

കർമ്മോസ്തി ധർമ്മ

സമ്പൂർണ്ണ ജനകീയ ദിനപത്രം

സക്സസ് കേരള THE COMPLETE BUSINESS MAGAZINE വായിക്കൂ... വരിക്കാരാവൂ...!!!

തിരുവനന്തപുരം • 2023 ഏപ്രിൽ 02 ഞായർ E-mail: karmasakthidaily@gmail.com Ph:0471-4063111, 9061525391 പേജ്: 4 വില: 5 രൂപ

# പാങ്ങോട് കാവിൽ ശ്രീ ഭഗവതി ക്ഷേത്രം



# കാവിലമ്മയ്ക്ക് പ്രണാമം

## സ്മാർട്ടായ ലോകത്ത് സ്മാർട്ടായി മുന്നേറാം...

# SUMMER CAMP

Age Group 2 Years to 14 Years

**Limited Seats ... Register Soon..!**

Admission Open for AY 2023-2024

DAY CARE, LKG, UKG, AFTER CARE

◆Dance ◆Music ◆Drawing ◆Craft ◆Language Training ◆Creative Activities ◆Zumba ◆Games ◆Karate
◆Self Development ◆Yoga ◆Magic ◆Computer Basics ◆Speech Training ◆Literature Camp ◆Mentoring
◆Anchoring ◆Training ◆Entrepreneurship Development ◆Career Development ◆Cake Making

KUTTOOS Smart Pre-School

KUTTOOS DAY CARE & PRE-SCHOOL
A15, TC 7/1711-2, Shri Chithra Nagar, Edappazhanji
Thirumala P. O, Thiruvananthapuram.
Email : kuttoos2023@gmail.com
Mob: 8089783296, 8089783297

# ഫാഷൻ ലോകത്ത് കയ്യൊപ്പ് ചാർത്തിയ വിജയം; തനൂസ് സിഗ്നേച്ചർ 5

ഫാഷൻ രംഗത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച് വിജയപഥങ്ങൾ കീഴടക്കുന്ന മേക്കപ്പ് ആർട്ടിസ്റ്റാണ് തനുജ മോൾ. കൊച്ചി ഇടപ്പള്ളിയിലെ തനൂസ് സിഗ്നേച്ചർ ഫൈവ് എന്ന സ്ഥാപനത്തിലൂടെ ആയിരങ്ങളുടെ സൗന്ദര്യമോഹങ്ങൾക്കാണ് ഇവർ പൂർണത നൽകുന്നത്. അത്യന്തം മത്സരം നിറഞ്ഞു നിൽക്കുന്ന ഒരു മേഖലയിൽ തന്റേതായ ഒരിടം കണ്ടെത്താൻ ചുരുങ്ങിയ വർഷങ്ങൾ കൊണ്ട് തന്നെ സാധിച്ച ഒരു മികച്ച വനിതാ സംരംഭക കൂടിയാണ് തനുജാ മോൾ.

ഒരു മേക്കപ്പ് ആർട്ടിസ്റ്റ് ആകണമെന്ന ആഗ്രഹം ഉള്ളിൽ ഉണ്ടായിരുന്നെങ്കിലും വിവാഹശേഷമാണ് ആ ആഗ്രഹത്തെ പൊടിതട്ടിയെടുത്തത്. കോസ്മെറ്റോളജിയിൽ ബിരുദാനന്തര ബിരുദം നേടിയതിനുശേഷമായിരുന്നു മേക്കപ്പ് രംഗത്തേക്കുള്ള തനുജാ മോളുടെ കടന്നുവരവ്. റിപ്പോർട്ടർ ചാനലിൽ മേക്കപ്പ് ആർട്ടിസ്റ്റായാണ് കരിയറിന്റെ തുടക്കം. പിന്നീട് സ്വന്തമായൊരു സലൂൺ തുടങ്ങണമെന്ന ആഗ്രഹം ഉള്ളിൽ വളർന്നപ്പോൾ റിപ്പോർട്ടറിൽ നിന്നും പടിയിറങ്ങി.



തനുജാ മോൾ

ഗൾഫിൽ സ്വന്തമായി ഒരു സ്ഥാപനം തുടങ്ങുക എന്നതായിരുന്നു ആഗ്രഹം. അങ്ങനെ ഗൾഫിലേക്ക് പോകാനുള്ള ഒരുക്കങ്ങളും പൂർത്തിയാക്കി. സ്വന്തമായൊരു സ്ഥാപനം എന്ന മോഹത്തെ മനസ്സിൽ താലോചിച്ചുകൊണ്ട് ഗൾഫിലേക്ക് വിമാനം കയറുകയും ചെയ്തു. പക്ഷേ അപ്പോഴായിരുന്നു ഇരുട്ടടി പോലെ കൊറോണയുടെ കടന്നുവരവ്. അതോടെ മോഹങ്ങളെല്ലാം പാതിവഴിയിൽ ഉപേക്ഷിച്ച് തിരികെ പോരേണ്ടി വന്നു.

കൊറോണയുടെയും ലോക്ക് ഡൗണിന്റെയും ബഹളങ്ങളൊക്കെ അവസാനിച്ചതിനു ശേഷമാണ് ഇടപ്പള്ളിയിൽ തനൂസ് സിഗ്നേച്ചർ ഫൈവ് എന്ന സ്ഥാപനത്തിന് തുടക്കം കുറിക്കുന്നത്. കൊച്ചി പോലൊരു നഗരത്തിൽ അന്ന് സലൂണുകൾക്കോ ബ്യൂട്ടിപാർലറുകൾക്കോ ഒന്നും ഒരു പഞ്ഞവുമില്ലായിരുന്നു. തുടക്കകാലത്ത്, പലരും വിജയിക്കുമോ എന്ന സംശയം പ്രകടിപ്പിച്ചു. എന്നാൽ തനൂജ മോൾക്ക് തന്റെ കഴിവിൽ വിശ്വാസമുണ്ടായിരുന്നു.ഒരു പ്രാവശ്യം തന്നെ തേടിയെത്തുന്ന കസ്റ്റമേഴ്സ് വീണ്ടും തന്റെ അരികിലേക്ക് തന്നെ എത്തുമെന്ന് അവർക്ക് ഉറപ്പായിരുന്നു.

തനൂജയുടെ ആത്മവിശ്വാസം പോലെ, സ്ഥാപനം ആരംഭിച്ച് മാസങ്ങൾ പിന്നിട്ടപ്പോൾ തന്നെ കൊച്ചിയിലെ മുൻനിര ബ്യൂട്ടീ സലൂൺ ആയി തനൂസ് സിഗ്നേച്ചർ ഫൈവ് മാറി. ചുരുങ്ങിയ സമയം കൊണ്ട് തന്നെ ബ്രൈഡൽ മേക്കപ്പ് രംഗത്തും തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കാൻ തനൂജ മോൾക്ക് സാധിച്ചു. നിരവധി ഫാഷൻ ഷോകളുടെ മേക്കപ്പ് കോഡിനേറ്റർ കൂടിയാണ് ഇന്ന് തനുജാ മോൾ . കൂടാതെ സിനിമ മേഖലയിലേക്കും ചുവട് വയ്ക്കാനുള്ള ഒരുക്കത്തിലാണ്.

ഓരോ നിമിഷത്തിലും അപ്ഡേഷൻ ആവശ്യമായ ഒരു മേഖലയാണ് മേക്കപ്പ് ഇൻഡസ്ട്രി എന്നാണ് തനൂജ പറയുന്നത്. അത്തരത്തിലുള്ള അപ്ഡേഷന് നമ്മൾ തയ്യാറായാൽ മാത്രമേ മത്സരിച്ചു മുന്നേറാൻ സാധിക്കുകയുള്ളൂ എന്നും ഇവർ പറയുന്നു. കസ്റ്റമേഴ്സിന്റെ സംതൃപ്തിയാണ് തന്റെ സന്തോഷമെന്നും തനൂജ സൂചിപ്പിക്കുന്നു.



Facebok: Thanujamolks
Thanussignature, Edappally, Kochi

# ഇടപ്പഴിഞ്ഞി 'കുട്ടൂസി'ൽ സമ്മർ ക്യാമ്പ്

തിരുവനന്തപുരം : കുട്ടൂസ് സ്മാർട്ട് പ്രി-സ്കൂളിന്റെയും ബിഗ് മൈൻഡ് അക്കാഡമിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ രണ്ടു മുതൽ 14 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്കായി സമ്മർ ക്യാമ്പ് തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്നു.

ഏപ്രിൽ 3നു ആരംഭിക്കുന്ന ക്യാമ്പ് മെയ് 30 നു അവസാനിക്കും. കരാട്ടെ, ഡാൻസ്, സംഗീതം, യോഗ, മാജിക്, സാഹിത്യ ക്യാമ്പ്, പ്രസംഗ പരിശീലനം, ഗെയിമുകൾ തുടങ്ങി ഇരുപതോളം വിഷയങ്ങളാണ് ക്യാമ്പിൽ ഉണ്ടാവുക.

ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റും സമ്മാനങ്ങളും ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നതിനായി 8089783296 എന്ന നമ്പരിൽ ബന്ധപ്പെടുക.












# നെയിൽ ആർട്സിൽ വിപ്ലവം തീർത്ത് ഡി ആർട്ടിസ്ട്രി



സൗന്ദര്യ സംരക്ഷണ രംഗത്ത് ദിവസേനയുള്ളള്ള മാറ്റം ഇന്ന് വളരെ പ്രകടമാണ്. അടുത്ത കാലത്തായി ഈ മേഖലയിലുണ്ടായ മാറ്റം അതിശയിപ്പിക്കുന്നതാണ്. മുഖ സംരക്ഷണം, നയന സംരക്ഷണം തുടങ്ങിയവയ്ക്ക് നമ്മുടെ നാട്ടിൽ വന്നിട്ടുള്ള എല്ലാ മാറ്റങ്ങളെയും സ്ത്രീകൾ രണ്ട് കയ്യും നീട്ടി സ്വീകരിച്ചിട്ടുണ്ട്. സൗന്ദര്യ സംരക്ഷണ മേഖലയിൽ തന്നെ, ഇന്ന് ഏറെ പുതുമകളോടെ അവതരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ട്രെൻഡാണ് നെയിൽ ആർട്ടിസ്ട്രി.

നഖ സംരക്ഷണം എന്നത് ഏറെ പുതുമകളോടെ അവതരിപ്പിച്ചു കൊണ്ടിരിക്കുന്ന ഈ കാലത്താണ് ഡി ആർട്ടിസ്ട്രി എന്ന സ്ഥാപനം ശ്രദ്ധേയമാകുന്നത്. നെയിൽ ആർട്ട്സ് എന്ന ട്രെൻഡിന് പുറമേ, നഖ സംരക്ഷണവുമായി ബന്ധപ്പെട്ട നെയ്ൽ എക്സ്റ്റൻഷൻ, പെഡിക്യൂർ, മാനിക്യൂർ, രോഗബാധയേറ്റ നഖങ്ങളുടെ റിപ്പയറിംഗ് തുടങ്ങിയ സേവനങ്ങളും ഡി ആർട്ടിസ്ട്രിയിൽ ലഭ്യമാണ്.

നെയ്ൽ ആർട്ടിസ്ട്രി എന്ന അഭിസംബോധനയെക്കാൾ നെയ്ൽ ക്ലിനിക് എന്ന പേരിലാണ് ഡി ആർട്ടിസ്ട്രി ഇന്ന് അറിയപ്പെടുന്നത്. കാരണം, നഖങ്ങൾ അണു, രോഗ ബാധകളേറ്റ് നഷ്ടപ്പെട്ടുവെന്ന് കരുതിയവർക്ക് അവ തിരികെ കിട്ടിയ ഉദാഹരണങ്ങൾ നിരവധിയാണ് ഡി ആർട്ടിസ്ട്രിയിൽ.

രണ്ട് വർഷങ്ങൾക്ക് മുമ്പ്, കൊവിഡ് മഹാമാരി താണ്ഡവമാടുന്ന സമയത്താണ് താര ദേവി എന്ന വീട്ടമ്മ ഡി ആർട്ടിസ്ട്രി എന്ന സ്ഥാപനം സ്ത്രീകൾക്ക് മുന്നിൽ അവതരിപ്പിക്കുന്നത്. സാധാരണ വീട്ടമ്മയായിരുന്ന താര, കുട്ടികളുടെ വിദ്യാഭ്യാസം ആരംഭിച്ചതോടെ വീട്ടിൽ തനിച്ചായി. ആ വിരസതക്ക് ഒരു വിരാമമെന്നോണം അവർ സൗന്ദര്യ സംരക്ഷണ രംഗത്തേക്ക് ചുവടുവയ്പു നടത്തി.

അങ്ങനെയാണ്, കേട്ടാൽ ചെറുതെന്ന് തോന്നിപ്പിക്കുന്ന, എന്നാൽ വിശാലമായ നെയിൽ ആർട്ട് എന്ന മേഖലയെ കുറിച്ച് താര അറിയുന്നത്. തന്റെ കയ്യൊപ്പ് പതിപ്പിക്കാൻ തക്കതായ ഇടമാണ് നെയിൽ ആർട്ട് എന്ന താരയുടെ തിരിച്ചറിവാണ് ഡി ആർട്ടിസ്ട്രി എന്ന നെയിൽ കൺസൾട്ടേഷൻ ആൻഡ് ആർട്ടിസ്ട്രിയുടെ അടിത്തറ.

താരയുടെ സ്വന്തമായ നെയിൽ ഡിസൈൻസിന് പുറമെ, കസ്റ്റമേഴ്സ് ആവശ്യപ്പെടുന്ന തരത്തിലുള്ള ഡിസൈൻസും ഡി ആർട്ടിസ്ട്രിയിൽ ലഭ്യമാണ്.

റഷ്യ, ആംസ്റ്റർഡാം, ജർമനി എന്നീ രാജ്യങ്ങളിലെ നെയ്ൽ ആർട്ട് സ്ട്രക്ച്ചറാണ് താര തന്റെ നെയിൽ ക്ലിനിക്കിൽ പ്രധാനമായും തന്റെ കസ്റ്റമേഴ്സിനായി പിന്തുടരുന്നത്. നഖങ്ങളുടെ സംരക്ഷണത്തിനായി പുത്തൻ മാർഗങ്ങൾ പരീക്ഷിക്കുകയും ആർട്ടിസ്ട്രിയും നെയിൽ ട്രീറ്റ്മെന്റുകളെ കുറിച്ചുള്ള ആഴത്തിലുള്ള ഗവേഷണങ്ങൾ നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്ന താര, ഈ മേഖലയിൽ ഹോണററി ഡോക്ടറേറ്റ് എന്ന ലക്ഷ്യത്തിലേക്ക് അടുത്തുകൊണ്ടിരിക്കുകയാണ്.

നെയിൽ ആർട്സിനായി സിനിമാ താരങ്ങൾ, സെലിബ്രിറ്റികൾ ഡി ആർട്ടിസ്ട്രിയെ ആശ്രയിച്ച് തുടങ്ങിയതു മുതൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വലിയ തോതിലുള്ള സ്വീകാര്യതയാണ് ഡി ആർട്ടിസ്ട്രിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. വികൃതമായ നഖങ്ങൾ, ഏതെങ്കിലും അപകടത്തിലോ, മറ്റെന്തെങ്കിലും കാരണത്താലോ കേടുപാടുകൾ സംഭവിച്ചതോ ആയ നഖങ്ങൾ കൃത്യമായ പരിചരണത്തിലൂടെയും ട്രീറ്റ്മെന്റിലൂടെയും ആകർഷതയുള്ളതാക്കുക എന്നതാണ് താര ദേവിയെന്ന സംരഭക ഡി ആർട്ടിസ്ട്രിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

വളരെ ചുരുങ്ങിയ കാലം കൊണ്ട് തന്നെ വേൾഡ് റെക്കോർഡ് ഉൾപ്പെടെ സംസ്ഥാന, ദേശീയ തലത്തിൽ മികച്ച സംരംഭകയ്ക്കുള്ള നിരവധി പുരസ്കാരങ്ങളും അംഗീകാരങ്ങളും താര സ്വന്തമാക്കിയിട്ടുണ്ട്. 'കാന്താരാ' സിനിമയിലെ പഞ്ചുരുളി തെയ്യത്തിന്റെ മുഖം ഒരു മണിക്കൂർ കൊണ്ട് അഞ്ച് നഖത്തിൽ വരച്ചതിനാണ് വേൾഡ് റെക്കോർഡ് സ്വന്തമായത്.

15 ഓളം നാഷണൽ അവാർഡുകളും രണ്ട് ഇന്റർനാഷണൽ അവാർഡുകളും ലഭിച്ചു. Best Nail Art Studio in Trivandrum എന്ന ക്യാറ്റഗറിയിൽ 2021 ൽ INDIA'S MOST PROMINENT INDIAN ICON AWARD, Fame Icon Award എന്നിവ ലഭിച്ചു. Most Trusted Nail Artistry Studio in South India ക്യാറ്റഗറിയിൽ THE 2021 GLOBAL CHOICE AWARDS ലഭിച്ചു. BE STAR AWARDS ന്റെ 2021 ACHIEVER OF THE YEAR ആയി തിരഞ്ഞെടുത്തു. Outstanding Performance and Zestful Contribution in the field of Nail Art എന്ന ക്യാറ്റഗറിയിലാണ് അവാർഡ് ലഭിച്ചത്. THE FACE OF BEAUTY AWARD 2021 ലെ Best Nail Artist ആയിരുന്നു. സെയിം ക്യാറ്റഗറിയിൽ INTERNATIONAL BRILLIANCE AWARD 2021 നേടി. INDIA INSPIRATIONAL WOMEN AWARD 2021, MAKE IN INDIA EMERGING LEADER 2021, HUMANITARIAN EXCELLENCE AWARD 2021, Make In India Emerging Leader 2021 നേടിയിട്ടുണ്ട്.





ARTISTRY
NAILS. EYE LASHES. MICROBLADING.
Karthikeya Building, Opp: Alakapuri Convention Centre, Edappazhanji, Thiruvananthapuram. Phone: 9633339839

## ഇന്നത്തെ സ്വർണ്ണവില



സ്വർണ്ണം ഗ്രാം: 5,500/-
8ഗ്രാം(1 പവൻ): 44,000/-

# രാജ്യത്തിന്റെ ഭാവി വളർന്നു വരുന്ന തലമുറയിൽ: മന്ത്രി റോഷി അഗസ്റ്റിൻ

പാലാ: വളർന്നു വരുന്ന തലമുറകളിലാണ് രാജ്യത്തിന്റെ ഭാവിയെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. ഓർമ്മ ഇന്റർനാഷണലിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഭൂഖണ്ഡാന്തര പ്രസംഗമത്സരത്തിലെ ആദ്യ ഘട്ട മത്സര വിജയികളെ പ്രഖ്യാപിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യൻ വിദ്യാർത്ഥി സമൂഹം രാജ്യത്തിന് അഭിമാനമാണെന്നും റോഷി കൂട്ടിച്ചേർത്തു. ഓർമ്മ ഇന്റർനാഷണൽ ടാലന്റ് പ്രമോഷൻ ഫോറം സെക്രട്ടറി എബി ജെ ജോസ് അധ്യക്ഷത വഹിച്ചു. ജോസ് തോമസ്, ജോസ് ആറ്റുപുറം, അഡ്വ സന്തോഷ് മണർകാട്, മാത്യു അലക്സാണ്ടർ, ആലീസ് ആറ്റുപുറം, ഷാജി അഗസ്റ്റിൻ, ജോർജ് നടവയൽ, ഡോ ഫെഡ് മാത്യു, ചെസ്സിൽ ചെറിയാൻ, ഷൈൻ ജോൺസൺ, ആലീസ് ആറ്റുപുറം എന്നിവർ പ്രസംഗിച്ചു.

മലയാളം, ഇംഗ്ലീഷ് വിഭാഗങ്ങളിൽ നിന്നുമായി 25 പേർ വീതം ആദ്യഘട്ടത്തിൽ വിജയികളായി.
വിവിധ രാജ്യങ്ങളിൽ നിന്നായി 364 വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു. ഇരു വിഭാഗങ്ങളിൽ നിന്നുമായി കണ്ടെത്തുന്ന മികച്ച പ്രാസംഗികന് ഒരു ലക്ഷം രൂപ സമ്മാനത്തുകയുള്ള ഓർമ ഒറേറ്റർ ഓഫ് ദ ഇയർ 2023 അവാർഡ് സമ്മാനിക്കും.
മലയാളത്തിലും ഇംഗ്ലീഷിലുമായി അര ലക്ഷം രൂപ വീതമുള്ള രണ്ട് ഒന്നാം സമ്മാനങ്ങളും കാൽ ലക്ഷം വീതമുള്ള രണ്ട് രണ്ടാം സമ്മാനങ്ങളും പതിനയ്യായിരം രൂപ വീതമുള്ള രണ്ട് മൂന്നാം സമ്മാനങ്ങളും നൽകും. ഇതോടൊപ്പം ഡോ എ പി ജെ അബ്ദുൾ കലാം പുരസ്കാരത്തിനുള്ള വിദ്യാ- കലാലയത്തെയും കണ്ടെത്തും.

കൂടാതെ മികച്ച പ്രസംഗം കാഴ്ചവയ്ക്കുന്നവർക്കു പ്രോത്സാഹന ക്യാഷ് അവാർഡുകൾ സമ്മാനിക്കും. ആകെ മൂന്നു ലക്ഷം രൂപയാണ് സമ്മാനത്തുകയായി മാത്രം നൽകുന്നത്.
ഭാരതസ്വാതന്ത്ര വജ്രജൂബിലിയുടെ ഭാഗമായിട്ടാണ് പ്രസംഗോൽസവം സംഘടിപ്പിച്ചത്. 2023 ആഗസ്റ്റിൽ പാലാ അൽഫോൻസാ കോളജിൽ ഫൈനൽ മത്സരം സംഘടിപ്പിക്കും.






# പാങ്ങോട് കാവിൽ ശ്രീ ഭഗവതി ക്ഷേത്രം

**പാങ്ങോട്, തിരുമല പി.ഒ., തിരുവനന്തപുരം.**
**ഫോൺ : 9746269438**



# കൊട മഹോത്സവം

നാടിന്റെ ഐശ്വര്യത്തിനും പുരോഗതിക്കും കാരണഭൂതയായ അന്നദാനേശ്വരിയും അഭീഷ്ട വരദായിനിയുമായ പാങ്ങോട് ശ്രീ കാവിലമ്മയുടെ തിരുസന്നിധിയിൽ 2023 മാർച്ച് 29 മുതൽ നടന്നു വരുന്ന ഈ വർഷത്തെ കൊട മഹോത്സവം ഇന്ന് സമാപിക്കും. നാടിന്റെ ഏറ്റവും വലിയ ആഘോഷമാണ് കാവിലമ്മയുടെ കൊട മഹോത്സവം. വ്യത്യസ്തമായ ചടങ്ങുകളും ആഘോഷ പരിപാടികളുമായി ഈ പ്രാവശ്യത്തെ കൊട മഹോത്സവം വളരെ ശ്രദ്ധേയമാണ്.

ദുർഗാ ദേവിയുടെ അവതാരമായ കാവിൽ ഭഗവതിയാണ് ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠ. തിരുവനന്തപുരത്ത് പാങ്ങോടിനും ഇടപ്പഴഞ്ഞിക്കുമിടയിൽ സ്ഥിതി ചെയ്യുന്ന പാങ്ങോട് കാവിൽ ശ്രീ ഭഗവതി ക്ഷേത്രത്തിൽ ഗണേശൻ, നാഗരാജാവ്, മന്ത്രമൂർത്തി എന്നിങ്ങനെ ഉപദേവന്മാരെയും പ്രതിഷ്ഠിച്ചിട്ടുണ്ട്.


സമാപന ദിവസമായ ഇന്നാണ് പൊങ്കാല നടക്കുന്നത്. രാവിലെ 10.15 നാണ് പൊങ്കാല ആരംഭിക്കുക. രാവിലെ 5ന് നിർമാല്യം. 5:15 ന് അഭിഷേകം, 6 ന് മഹാഗണപതി ഹോമം, 6:45 ന് ഉഷപൂജയും ദീപാരാധനയും.

കലശ പൂജയും കളഭാഭിഷേകവും കലശാഭിഷേകവും പൊങ്കാലയ്ക്ക് മുമ്പായി നടക്കും. പൊങ്കാല നിവേദ്യം 11.30 നാണ്. 12 മണിക്കുള്ള സമൂഹസദ്യയും ഉണ്ടായിരിക്കുന്നതാണ്.

വൈകുന്നേരം നാലുമണിയോടുകൂടി പുറത്തെഴുന്നള്ളത്ത് നടക്കും. ക്ഷേത്രസന്നിധിയിൽ നിന്നും തിരിച്ചു പിച്ചി വിള റോഡ്, ശ്രീ ചിത്രാ നഗർ വഴി ശ്രീ ബാലസുബ്രഹ്മണ്യ ക്ഷേത്രത്തിലെത്തി, ഇടപ്പഴിഞ്ഞി ജംഗ്ഷൻ വഴി ശാസ്താ ക്ഷേത്രത്തിലെത്തി അയ്യപ്പ ദീപം തെളിച്ച് താലപ്പൊലിയോടു കൂടി തിരിച്ചു ക്ഷേത്രസന്നിധിയിൽ എത്തിച്ചേരുന്നു. രാത്രി എട്ടിന് പുഷ്പാഭിഷേകവും ഒൻപതിന് ദീപാരാധനയും നടക്കും.

അതിനു പുറമെ, 7 മണിക്ക് പാങ്ങോട് അശ്വാരൂഢ ശാസ്താ ഭജന സംഘത്തിന്റെ ഭജനാമൃതവും 8 മണിക്ക് കാവിൽ ശ്രീ ഭഗവതി ക്ഷേത്ര ട്രസ്റ്റ് വനിതാ വിഭാഗത്തിന്റെ തിരുവാതിരയും നടക്കും.

9 ന് നടക്കുന്ന വർണശബളമായ ബഹുവർണ കാഴ്ച കൊട മഹോത്സവത്തിന് മാറ്റ് കൂട്ടുന്നു. 10:30 ന് കൊടയും 12:30 ന് ഗുരുസിയും നടക്കും.




## രാമനവമി ദിനത്തിൽ ആദിപുരുഷിന്റെ പുതിയ പോസ്റ്റർ പങ്കുവെച്ച് അണിയറ പ്രവർത്തകർ

ശ്രീരാമന്റെ ജന്മദിനമായ രാമനവമി ആഘോഷവേളയിൽ പ്രഭാസ് ചിത്രം ആദി പുരുഷിന്റെ പുതിയ പോസ്റ്റർ പുറത്തിറക്കി അണിയറ പ്രവർത്തകർ. പ്രഭാസിന്റയും സംവിധായകൻ ഓം റൗട്ടിന്റയും സോഷ്യൽ മീഡിയ പേജിലൂടെയാണ് രാമനവമി ആശംസകളുമായി പുതിയ പോസ്റ്റർ പങ്കുവെച്ചത് .

രാമ-ലക്ഷ്മണനെയും സീതയെയും വണങ്ങുന്ന ഹനുമാന്റെ ഭക്തി സാന്ദ്രമായ ചിത്രമാണ് പോസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രാമനായി പ്രഭാസ് എത്തുമ്പോൾ ലക്ഷ്മണനായി സണ്ണി സിംഗും സീതാദേവിയായി കൃതി സനോനും ഹനുമാനായി ദേവദത്ത നാഗെയും വേഷമിടുന്നു.

ഓം റൗട്ട് - പ്രഭാസ് കൂട്ടുകെട്ടിലെ ആദ്യ ചിത്രമായ ആദിപുരുഷിൽ രാവണനായി വേഷമിടുന്നത് ബോളിവുഡ് താരം സെയ്ഫ് അലിഖാൻ ആണ്.

2023-ൽ ഏറ്റവുമധികം പ്രതീക്ഷയോടെ കാത്തിരിക്കുന്ന പ്രഭാസ് ചിത്രങ്ങളിലൊന്നാണ് ജൂൺ 16-ന് റിലീസിനൊരുങ്ങുന്ന ആദിപുരുഷ്. രാമായണ കഥയാണ് ചിത്രത്തിന്റെ പ്രമേയം.

ടി- സീരിയസ്, റെട്രോഫൈൽ ബാനറിൽ ഭൂഷൺ കുമാറും കൃഷ്ണകുമാറും ഓം റൗട്ടും ചേർന്നാണ് നിർമ്മിക്കുന്നത്. നന്മയുടെ വിജയത്തെ ചുറ്റിപ്പറ്റിയുള്ള ഇന്ത്യൻ ഇതിഹാസത്തിന്റെ കഥയാണ് ചിത്രത്തിന്റെ പ്രമേയം. സാഹോയ്ക്കും രാധേശ്യാമിനും ശേഷം നിർമ്മാതാവായ ഭൂഷൺ കുമാറുമായുള്ള പ്രഭാസിന്റെ മൂന്നാമത്തെ പ്രോജക്ടാണ്ആദിപുരുഷ് എന്ന ത്രിഡി ചിത്രം. ഇന്ത്യൻ സംസ്കാരത്തിന്റെ ഏറെ ജനപ്രീതിയുള്ള ഒരു അദ്ധ്യായത്തെ ആസ്പദമാക്കി ഒരുക്കുന്ന ചിത്രം ഹിന്ദിയിലും തെലുങ്കിലുമാണ് ചിത്രീകരിക്കുക.

കൂടാതെ, തമിഴ്, മലയാളം, മറ്റു വിദേശഭാഷകളിലേക്കും ഡബ് ചെയ്തിട്ടുണ്ട്.ഛായാഗ്രഹണം - ഭുവൻ ഗൗഡ , സംഗീത സംവിധാനം - രവി ബസ്രൂർ . എഡിറ്റിംഗ് - അപൂർവ്വ മോടിവാലെ, ആഷിഷ് എം ഹത്രെ. സംഗീതം - അജയ്- അതുൽ. പശ്ചാത്തല സംഗീതം - സഞ്ചിത് ബൽഹാറ, അങ്കിത് ബൽഹാറ.





